# ബിദ്അത്തോ ഭിന്ന വീക്ഷണങ്ങളോ?

**കര്‍മശാസ്ത്ര** വിഷയങ്ങളെക്കുറിച്ചുള്ള കെ.ടിയുടെ വിശദീകരണങ്ങളും അതിനോട് വിയോജിച്ചുകൊണ്ട് വന്ന കത്തുമാണ് ഈ കുറിപ്പിന് പ്രേരകം. സുബ്ഹിയിലെ ഖുനൂത്ത്, തറാവീഹിന്റെ റക്അത്ത്, ഉച്ചത്തിലുള്ള ബിസ്മി തുടങ്ങി ഒട്ടേറെ വിഷയങ്ങളില്‍ കര്‍ക്കശമായ സമീപനം സ്വീകരിക്കുന്നതിന് സാധുത നല്‍കുന്നതല്ല ഹദീസ് റിപ്പോര്‍ട്ടുകളുടെ നിഷ്പക്ഷ അപഗ്രഥനത്തില്‍ ലഭിക്കുന്ന വസ്തുതകള്‍. വാശിയും മുന്‍വിധിയുമില്ലാതെ ഇബ്നു തൈമിയ്യ ഉള്‍പ്പെടെയുള്ള പൂര്‍വസൂരികളായ പണ്ഡിത ശ്രേഷ്ഠര്‍ അവലംബിച്ച മാനദണ്ഡങ്ങള്‍ സ്വീകരിച്ച് അപഗ്രഥനവിധേയമാക്കിയാല്‍ ഈ വിഷയങ്ങളില്‍ ഒരു ഏകീകൃത രൂപത്തിന്റെ സാധ്യതയോ അവശ്യകതയോ ഇല്ല എന്ന് വ്യക്തമാകും. പ്രവാചകമുഖത്ത് നിന്ന് അധ്യാപനം ലഭിച്ച സ്വഹാബികളും പ്രവാചകപത്നി ആഇശ(റ)യും തമ്മില്‍ അനവധി ഫിഖ്ഹീ വിഷയങ്ങളില്‍ അഭിപ്രായവ്യത്യാസങ്ങള്‍ ഉണ്ടായിരുന്നു. എങ്കില്‍, ആധികാരികമായി സമാഹരിക്കപ്പെട്ട ഹദീസുകളുടെ സ്വീകാര്യതയെ സംബന്ധിച്ച വ്യത്യസ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തില്‍ നൂറ്റാണ്ടുകള്‍ക്കിപ്പുറം ഇസ്ലാമിക സമൂഹത്തില്‍ ശാഖാപരമായ ഭിന്നത ഉണ്ടാകുന്നത് ഭീമാബദ്ധമായി കണ്ട് പരസ്പരം കുറ്റം ആരോപിക്കേണ്ടതില്ല.

ഉദാഹരണമായി, സുബ്ഹിയിലെ ഖുനൂത്ത് ആധികാരികമായി സ്ഥിരപ്പെട്ട നബിചര്യയല്ല എന്നതിനാല്‍ അത് അനുഷ്ഠിക്കേണ്ടതില്ല എന്നു വെക്കാം. എന്നാല്‍ ഖുനൂത്ത് ഓതുന്നവര്‍ അത് ചെയ്യുന്നത് വ്യക്തിപരമായോ സംഘപരമായോ ഉള്ള ഇഷ്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള കൂട്ടിച്ചേര്‍ക്കലായിട്ടല്ല. പില്‍ക്കാലത്ത് ചമച്ചുണ്ടാക്കിയ വ്യാജ ഹദീസുകളുടെ അടിസ്ഥാനത്തിലുമല്ല. മറിച്ച് ആദ്യകാലം മുതല്‍ ഹദീസ് സമാഹാരങ്ങളില്‍ സ്ഥാനംപിടിച്ച അബൂദാവൂദ് ഉദ്ധരിച്ച റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തിലാണ്. ആ ഹദീസിന് എത്രതന്നെ പോരായ്മകളുണ്ടായാലും ശരി. അത്തരത്തില്‍ ഒരു ഹദീസുള്ളപ്പോള്‍ ഖുനൂത്ത് ഒഴിവാക്കി ലഭിച്ചേക്കാവുന്ന സുന്നത്ത് നഷ്ടപ്പെടുത്തേണ്ടതില്ല എന്ന ചിന്തയില്‍ നിന്നാണ് പ്രസ്തുത കര്‍മം നിലവില്‍വന്നത് എന്ന് അനുമാനിക്കാം. എന്നിരിക്കെ ആ ഖുനൂത്ത് നിര്‍വഹിക്കുന്നതിന്റെ പേരില്‍ ഒരു ഇമാമിനെ പിന്തുടരാതെ വീട്ടില്‍വെച്ച് നമസ്കരിച്ച് ജമാഅത്തിന്റെ പുണ്യം നഷ്ടമാക്കുന്നത് വിവേകമാണോ? ജമാഅത്ത് നമസ്കാരത്തിന്റെ അന്തഃസത്തക്ക് കോട്ടംതട്ടുന്ന വിധത്തില്‍ ഇമാമിനെ ഖുനൂത്തിന്റെ സമയത്ത് തള്ളുകയും അത് കഴിഞ്ഞാല്‍ കൊള്ളുകയും ചെയ്യുന്നതും വിവേകമാണോ?

തറാവീഹിന്റെ കാര്യത്തില്‍ പതിനൊന്ന് റക്അത്തെന്ന ആഇശ(റ)യുടെ റിപ്പോര്‍ട്ടിന്റെ പിന്‍ബലത്തില്‍ മറ്റു വീക്ഷണങ്ങളെ തള്ളിപ്പറയുമ്പോള്‍ എന്തെല്ലാം കാര്യങ്ങള്‍ തമസ്കരിക്കേണ്ടിവരും. രാത്രി നമസ്കാരത്തെക്കുറിച്ച് അന്വേഷിച്ച അനുചരനോട് നബി(സ) റക്അത്തിന്റെ എണ്ണം പറയാതെ സുബ്ഹിയാകുമെന്ന് കണ്ടാല്‍ ഒറ്റയായ റക്അത്തില്‍ അവസാനിപ്പിക്കുക എന്നാണ് പറഞ്ഞത്. ഒരു റക്അത്തില്‍തന്നെ സൂറ *അല്‍ബഖറ*യും *ആലുഇംറാനും* ഓതിക്കൊണ്ട് ദീര്‍ഘമായി നമസ്കരിക്കുന്ന നബി(സ)യുടെ ഖിയാമുല്ലൈല്‍ സുബ്ഹിയാകുമ്പോഴേക്ക് പരമാവധി 11 റക്അത്തേ എത്തിയിരുന്നുള്ളൂ എന്നാണ് വ്യക്തമാകുന്നത്. പിന്നീട് ഉമറി(റ)ന്റെ കാലത്ത് ഉബയ്യുബ്നു കഅ്ബി(റ)ന്റെ നേതൃത്വത്തില്‍ പാരായണത്തിന്റെ ദൈര്‍ഘ്യം കുറച്ചുകൊണ്ട് 23 റക്അത്ത് നമസ്കരിച്ചുവെന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട് തറാവീഹ് റക്അത്ത് നിര്‍ണിതമല്ല എന്ന് ഇബ്നു തൈമിയ്യ രേഖപ്പെടുത്തിയിട്ടുണ്ട് (*മജ്മൂഉ ഫതാവാ ശൈഖില്‍ ഇസ്ലാം അഹ്മദിബ്നു തൈമിയ്യ*, ഭാഗം 2, പേജ് 272,273).

ഇങ്ങനെ ഭിന്ന വീക്ഷണങ്ങള്‍ക്ക് ന്യായമായും സാധ്യതയുള്ള വിഷയങ്ങളില്‍ വിശാലമായ കാഴ്ചപ്പാട് സ്വീകരിക്കുന്നതിനെ 'അഴകൊഴമ്പന്‍ നയ'മായി കാണുന്നത് ശരിയല്ല. മദ്ഹബുകളെ തീര്‍ത്തും തള്ളുന്ന സമീപനവും മദ്ഹബുകളെ തഖ്ലീദ് ചെയ്യല്‍ നിര്‍ബന്ധമാക്കുന്ന സമീപനവും ഉചിതമല്ല. മുഹമ്മദുബ്നു അബ്ദുല്‍ വഹാബും അനുയായികളും വ്യക്തമാക്കിയത്, തങ്ങള്‍ അഖീദയില്‍ സലഫീ മദ്ഹബിലും ശാഖാപരമായ കാര്യങ്ങളില്‍ ഇമാം അഹ്മദിന്റെ മദ്ഹബിലുമാണെന്നാണ് (*അദ്ദഅ്വ*- സുഊദി അറേബ്യ, '97 ഒക്ടോബര്‍, പേജ് 61). അതേസമയം മൗലിദ്, റാത്തീബ് തുടങ്ങി വേറെ നിരവധി കാര്യങ്ങള്‍ മേല്‍പറഞ്ഞ സ്വീകാര്യതയുടെ വൃത്തത്തിനു പുറത്തുള്ള പില്‍ക്കാല നിര്‍മിതികളാണെന്ന് ഇസ്ലാമിക പ്രസ്ഥാനങ്ങള്‍ വിശദമാക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെ കെ.ടിയോട് വിയോജിച്ച കുറിപ്പുകാരന്‍ സങ്കല്‍പിക്കുന്ന തരത്തില്‍ വിവിധ ദേശങ്ങളിലുള്ളവര്‍ സ്വാഭീഷ്ടമനുസരിച്ച് ആരാധനാ കര്‍മങ്ങളില്‍ വൈവിധ്യം സൃഷ്ടിക്കുന്നത് ഈ വീക്ഷണവുമായി ബന്ധമുള്ളതല്ല.

**ഇബ്നു ഹാശിം, മാഹി**




## ശ്രദ്ധയില്‍ പെടാത്ത ദുര്‍വ്യയങ്ങള്‍

'**ഭൂമിയുടെ** ഭാവി' (ലക്കം 23) എന്ന മുഖപ്രസംഗം ഇസ്ലാമിക പ്രസ്ഥാനം മുന്‍പേ പറക്കുന്നതാണ് എന്ന് തെളിയിക്കുന്നു. പരിസ്ഥിതി എല്ലാ വിഭാഗത്തിന്റെയും മദ്റസാ പാഠ്യക്രമത്തിലുള്‍പ്പെട്ടാല്‍ സമുദായത്തില്‍ വലിയൊരളവില്‍ പരിസ്ഥിതി ബോധമുണ്ടാക്കാന്‍ കഴിയും. പള്ളികളുമായി ബന്ധപ്പെട്ട ചില കാര്യങ്ങള്‍ തിരുത്തലുകള്‍ ആവശ്യമായവയാണ്. 'ഹൗള്' മാറ്റി ടാപ്പ് പിടിപ്പിച്ചപ്പോള്‍ വെള്ളം ധാരാളമായി നഷ്ടപ്പെടുന്നു. വെള്ളക്കരവും പാഴാകുന്ന വെള്ളം പമ്പുചെയ്യാന്‍ വേണ്ടിവരുന്ന വൈദ്യുതി ചാര്‍ജും കൂടി നഷ്ടപ്പെടുത്തുന്നതാണിത്. ടാപ്പില്‍നിന്നും വുദൂ ചെയ്യുമ്പോള്‍ മറ്റുള്ളവരുടെ മേല്‍ വെള്ളം തെറിക്കുന്നത് അധികമാരും ശ്രദ്ധിക്കാറില്ല.

പള്ളികളില്‍ നാനാഭാഗത്തെയും വൈദ്യുതി വിളക്കുകള്‍ (അലങ്കാര വിളക്കുകളുള്‍പ്പെടെ) രാത്രി മുഴുവന്‍ തെളിച്ചിടുന്നത് വൈദ്യുതി ദുര്‍വ്യയം മാത്രമല്ല, പ്രസ്തുത വൈദ്യുതിയുല്‍പാദനത്തിനായി കല്‍ക്കരി-ഡീസല്‍ നിലയങ്ങള്‍ പ്രവര്‍ത്തിക്കുന്നതുവഴി പരിസ്ഥിതി ദൂഷ്യവും സംഭവിക്കുന്നു. പള്ളിക്കകത്തും ആവശ്യത്തിനു പോരേ വെളിച്ചം?

**പി.പി മുനീര്‍**
**പള്ളിവക്കത്ത്, അഴിയൂര്‍**

# ഫണം വിടർത്തിയാടുന്ന ഫാഷിസം

**രാജ്യവും** ന്യൂനപക്ഷങ്ങളും നേരിടുന്ന ഫാഷിസ്റ്റ് ഭീഷണികളെക്കുറിച്ച കവർസ്റ്റോറികൾ ശ്രദ്ധേയമായി (ലക്കം 29). രാജാറാം മോഹൻറോയി, സ്വാമി വിവേകാനന്ദൻ, നാരായണഗുരു, ഡോ. രാധാകൃഷ്ണൻ തുടങ്ങിയവർ ഹിന്ദുമതത്തിന്റെ മാനുഷികമുഖം അനാവരണം ചെയ്യാൻ പ്രയത്നിച്ചു. എന്നാൽ ഹെഡ്ഗവാർ, ഗോൾവാൽക്കർ, സവർക്കർ, തൊഗാഡിയ, അദ്വാനി, നരേന്ദ്രമോഡി തുടങ്ങിയവർ ഹിന്ദുമതത്തിന് ഫാഷിസ്റ്റ് ദംഷ്ട്രകൾ നൽകി. ഭരണാധികാരം കൈയടക്കുകയും സവർണ സംസ്കാരം അടിച്ചേൽപിക്കുകയും ചെയ്യുകയെന്നത് മുഖ്യ അജണ്ടയായി. ബാബരിമസ്ജിദ് തകർത്തുകൊണ്ട്, ഗുജറാത്തിൽ മുസ്‌ലിംകളെ കൂട്ടക്കൊല നടത്തിക്കൊണ്ട്, ഒറീസയിൽ ക്രിസ്ത്യാനികളെ ആക്രമിച്ചുകൊണ്ട് വർഗീയ ഫാഷിസം അതിന്റെ പല്ലുകളുടെ മൂർച്ച പരിശോധിച്ചു. ഇന്ത്യയുടെ ഭരണം പൂർണമായി കൈയടക്കിയാൽ ഉണ്ടാകാൻ പോകുന്ന ഭയാനകമായ അവസ്ഥയുടെ റിഹേഴ്സൽ കണ്ട് ഞെട്ടാത്തവർ മനുഷ്യത്വം മരവിച്ചവരാകാനേ തരമുള്ളൂ. മൃദുഹിന്ദുത്വം അജണ്ടയാക്കിയ കോൺഗ്രസ്സാകട്ടെ, നട്ടെല്ലില്ലായ്മയുടെ നാണംകെട്ട ഉദാഹരണമായി. സംഘ്പരിവാരം ബാബരിമസ്ജിദ് തകർക്കുന്നത് നിർവികാരനായി നോക്കിനിന്ന നരസിംഹറാവു കോൺഗ്രസ്സിനുള്ളിലെ ആർ.എസ്.എസ് മനോഭാവത്തിന്റെ പ്രതീകമായി. ഹിന്ദുമതത്തിന്റെ സംരക്ഷകരെന്ന് അവകാശപ്പെടുന്ന സംഘ്പരിവാരം തന്നെയാണ് ഹിന്ദുമതത്തിന്റെ യഥാർഥ ഘാതകർ. മതത്തെ സമുദ്ധരിക്കാനുദ്ദേശിക്കുന്നവർ ചെയ്യേണ്ടത് മനുഷ്യരാശിയുടെ മോചനത്തിനു വേണ്ടി പരിശ്രമിക്കുകയാണ്.

'ഒരു വർഷത്തേക്കാണ് നിങ്ങൾ ആസൂത്രണം ചെയ്യുന്നതെങ്കിൽ ധാന്യങ്ങൾ വിതക്കുക. പത്തു വർഷത്തേക്കാണെങ്കിൽ വൃക്ഷങ്ങൾ നടുക. നൂറു വർഷത്തേക്കാണെങ്കിൽ മനുഷ്യരെ സൃഷ്ടിക്കുക' എന്ന ചൈനീസ് പഴമൊഴി ശ്രദ്ധേയമാണ്. മനുഷ്യരെ സൃഷ്ടിക്കാനാണ് പ്രവാചകന്മാർ വന്നിട്ടുള്ളത്. ഒരു ജനതയോട് വെറുപ്പാണെങ്കിൽ പോലും അവരോട് നീതി ചെയ്യണമെന്ന ഉത്കൃഷ്ട ദർശനമാണ് ഇസ്‌ലാമിന്റേത്. എന്നാൽ മനുഷ്യരെ കൊല്ലാനാണ് ഫാഷിസ്റ്റുകൾ ആഹ്വാനം ചെയ്യുന്നത്. സംഘ്പരിവാരത്തിന്റെ വേദം ഹൈന്ദവ മതഗ്രന്ഥങ്ങളല്ല; *വിചാരധാര*യാണ്. മനുഷ്യഹൃദയങ്ങളിൽ വിദ്വേഷത്തിന്റെ വിത്തുവിതക്കുകയെന്നതാണ് *വിചാരധാര*യുടെ ദൗത്യം.

ഇങ്ങനെയൊക്കെയാണെങ്കിലും വർഗീയ ഫാഷിസത്തെ ചെറുക്കുന്ന, ന്യൂനപക്ഷങ്ങൾക്കു വേണ്ടി വാദിക്കുന്ന, നീതിയുടെ പക്ഷത്തു നിലകൊള്ളുന്ന ഒട്ടേറെ മഹദ്‌വ്യക്തികൾ സഹോദര സമുദായത്തിൽ ഉണ്ടെന്നുള്ളത് ആശ്വാസദായകമാണ്. വിവരവും വിദ്യാഭ്യാസവുമുണ്ടെന്ന് നാം വിചാരിക്കുന്നവരേക്കാൾ യാഥാർഥ്യബോധം പ്രകടിപ്പിക്കുന്ന സാധാരണക്കാരായവരാണ് പലപ്പോഴും നാടിനെ രക്ഷിച്ചിട്ടുള്ളത് എന്നതും ആശ്വാസം പകരുന്ന മറ്റൊരു വസ്തുതയാണ്.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## പാട്ടും കൂത്തുമായി തരംതാഴുന്ന സമുദായം

***പ്രബോധന*ത്തിലെ** കാലംസാക്ഷി(ലക്കം 20) എന്ന പംക്തി, സമ്പൽ സമൃദ്ധിയുടെ മടിത്തട്ടിലും ഒരു സത്യവിശ്വാസിക്ക് ഇസ്‌ലാമിന്റെ ലാളിത്യമാർന്ന സുന്ദരമുഖം പൊതുസമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിത്തരുന്നു. മുതലാളിത്ത സംസ്കാരത്തെയും അതിന്റെ തനിരൂപമായ പൊങ്ങച്ച പ്രകടനങ്ങളെയും ആവേശപൂർവം എതിർക്കുമ്പോഴും സ്വജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ മുതലാളിത്ത സംസ്കാരത്തിന്റെ ജീർണതകൾ കടന്നുകൂടുന്നത് പ്രസ്ഥാന പ്രവർത്തകർ പോലും ഗൗരവത്തിൽ എടുക്കാറില്ല. അനുവദനീയ മാർഗത്തിൽ സമ്പാദിക്കുന്നതിനു പരിധി നിശ്ചയിക്കാത്ത ഇസ്‌ലാം ചെലവഴിക്കുന്ന കാര്യത്തിൽ കർശനമായ നിയന്ത്രണങ്ങൾ വെച്ചത് കാണാതെ പോകുന്നു.

ദുർവ്യയം ചെയ്യുന്നവൻ പിശാചിന്റെ സഹോദരനാണെന്നും അതിരുകവിയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നും ഖുർആൻ നമ്മോടു പറയുന്നു. ഭവനനിർമാണം, വിവാഹം പോലുള്ള സന്ദർഭങ്ങളിൽ ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും മാനദണ്ഡം സാമ്പത്തികശേഷി അനുസരിച്ചു മാറിക്കൊണ്ടിരിക്കും. സച്ചരിതരായ സ്വഹാബിവര്യന്മാരുടെ ലാളിത്യമാർന്ന ജീവിതം അനുധാവനം ചെയ്യുന്നതിനു പകരം പാട്ടും കൂത്തുമായി മുസ്‌ലിം സമുദായം തരംതാഴുന്നു.

**കെ.എ ജബ്ബാർ അമ്പലപ്പുഴ**

## സുന്നത്തിനെ പുനരുജ്ജീവിപ്പിച്ചതാണോ?

**'കെ.ടിയുടെ** പ്രസ്ഥാന യാത്രകൾ' എന്ന പരമ്പര ഹൃദ്യവും പഠനാർഹവുമാണ്. പഴയ കാലത്തെ പ്രവർത്തന അനുഭവങ്ങളിൽനിന്ന് ഇന്നത്തെ തലമുറക്ക് സ്വീകരിക്കാവുന്ന ഒട്ടേറെ നല്ല സമീപനരീതികൾ വായനക്കാർക്ക് ലഭിക്കുന്നുണ്ട്. വിവരണത്തിനിടയിൽ ചിലസങ്കീർണ വിഷയങ്ങൾ ഏതാനും വരികൾകൊണ്ട് അനായാസേന കുരുക്കഴിക്കുമ്പോൾ വായനക്കാർക്ക് ലഭിക്കുന്നത് അമൂല്യമായ അറിവുകളാണ്. എന്താണ് ബിദ്അത്ത് എന്നു വളരെ ലളിതമായി പറഞ്ഞുതന്നിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ സമൂഹത്തിന്റെ നല്ലൊരു വിഭാഗത്തിന്റെ ധാരണയെ സൗമ്യമായും യുക്തിപരമായും സുന്നത്തിന്റെ പിൻബലം ഉപയോഗിച്ച് തിരുത്തുകയോ നന്നെ ചുരുങ്ങിയത് കൂടുതൽ പഠനത്തിന് പ്രേരണ നൽകുകയോ ചെയ്യുന്നു. കെ.ടിയെ പോലുള്ള അനുഭവസമ്പന്നരിൽനിന്ന് കിട്ടാവുന്നത്ര ഇൽമുകൾ വായനക്കാർക്ക് ലഭ്യമാക്കുന്നതിന് അവസരം സൃഷ്ടിച്ച *പ്രബോധന*ത്തിനും അഭിമുഖം തയാറാക്കിയ സദ്റുദ്ദീൻ വാഴക്കാടിനും നന്ദി.

പരമ്പര അൽപം നീണ്ടാലും വിശദീകരിക്കേണ്ട കാര്യങ്ങൾ വിശദമായിത്തന്നെ ഉൾക്കൊള്ളിക്കാൻ ശ്രമിക്കണം. അത് പ്രസ്ഥാന പ്രവർത്തകർക്ക് നല്ല ഉൾക്കാഴ്ച നൽകും. ഈ വിഷയകമായി വന്ന ഒരു കത്തിനെക്കുറിച്ചും സൂചിപ്പിക്കട്ടെ. തറാവീഹ് നമസ്കാരം ജമാഅത്ത് രൂപത്തിൽ സ്ഥാപിച്ചുകൊണ്ട് ഉമറുൽ ഫാറൂഖ് ഒരു സുന്നത്തിനെ പുനരുജ്ജീവിപ്പിച്ചതല്ലേ എന്നാണ് കത്തിൽ ചോദിക്കുന്നത്. എന്നാൽ ഒരു മറുചോദ്യം ചോദിക്കട്ടെ: ജുമുഅ നമസ്കാരത്തിന് പ്രവാചകന്റെ കാലത്തും ശേഷമുള്ള രണ്ട് ഖലീഫമാരുടെ കാലത്തും ഒരു ബാങ്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉസ്മാനുബ്നു അഫ്ഫാനാണ് രണ്ടാമതൊരു ബാങ്ക് കൂടി ഏർപ്പെടുത്തിയത്. കുറിപ്പുകാരൻ ഈ ബാങ്കിനെ ഏത് ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്?

**കെ.സി മൂസാൻ മഞ്ചേരി**

## ചുരുക്കെഴുത്ത്

**'നിങ്ങളുടെ** സമൃദ്ധിയെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു' എന്ന് പറഞ്ഞ പ്രവാചകന്റെ വാക്കുകൾ എത്ര ശരി! ഏതായാലും കല്യാണ മാമാങ്കങ്ങളിലെ ജെ.സി.ബി തീർത്തും പ്രതീകാത്മകം തന്നെ. കുഴിച്ചുമൂടാനും ഈ യന്ത്രം ധാരാളം ഉപയോഗിക്കുന്നുണ്ടല്ലോ! കൂട്ടത്തിൽ പറയട്ടെ, കർണാടകയിലെ ചില പണ്ഡിതന്മാർ ചെലവ് കുറക്കാൻ നിക്കാഹിന് ശേഷമുള്ള വധുവിന്റെ വീട്ടിലെ സദ്യ ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുന്നുണ്ട്. നമുക്ക് ദഹിക്കാൻ പ്രയാസമാണെങ്കിലും അഭിലഷണീയം എന്ന് പറയാതിരിക്കാൻ വയ്യ.

**കെ. മുഹമ്മദ് തുംകൂർ**
keyem2802@yahoo.com